മെട്രോ വാർത്ത

03 June 2018

# കിളിമീനുകൾ കുറയുന്നു

## കുഞ്ഞുകളെ പിടിക്കുന്നത് മത്സ്യസമ്പത്തിന് കനത്ത നഷ്ടം

സ്വന്തം ലേഖകൻ

കൊച്ചി: സംസ്ഥാനത്ത് ഏറ്റവും പ്രിയപ്പെട്ട മത്സ്യങ്ങളിലൊന്നായ കിളിമീൻ വൻതോതിൽ കുറയുന്നതായി കണ്ടെത്തൽ. കുഞ്ഞുങ്ങളെ പിടികൂടുന്നതു മൂലമാണിതെന്നു പഠന റിപ്പോർട്ട്. അനിയന്ത്രിതമായ രീതിയിൽ ചെറു കിളിമീനുകളെ പിടിക്കുന്നതു മത്സ്യമേഖലയിൽ കനത്ത നഷ്ടമാണുണ്ടാക്കുന്നത്. ഇതുമൂലം മാത്രം ഏതാണ്ട് 221 കോടി രൂപയാണു സംസ്ഥാനത്തിന്റെ മത്സ്യമേഖലയ്ക്കുണ്ടായ നഷ്ടമെന്ന് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് (സിഎംഎഫ്ആർഐ) പുറത്തുവിട്ട റിപ്പോർട്ടിൽ പറയുന്നു.

ചെറുമീനുകളെ വൻതോതിൽ പിടിക്കുന്നതു മൂലം മത്സ്യത്തിന്റെ മൊത്തം ലഭ്യത, ഉത്പാദനം, വംശസംഖ്യാവർധന, പ്രജനനം എന്നിവയും താളം തെറ്റുന്നുവെന്നും റിപ്പോർട്ട് ചൂണ്ടിക്കാട്ടി. കേരളത്തിന്റെ മത്സ്യമേഖലയുടെ പുരോഗതി ലക്ഷ്യമാക്കി പരിപാലന മാതൃകകൾ രൂപപ്പെടുത്തുന്നതിനുള്ള ഗവേഷണത്തിന്റെ ഭാഗമായാണ് പഠനം.

സിഎംഎഫ്ആർഐ കഴിഞ്ഞ വർഷം നടത്തിയ ഗവേഷണ ഫലങ്ങൾ ചർച്ചചെയ്യാൻ സംഘടിപ്പിച്ച ഗുണഭോക്തൃ ശിൽപശാലയിൽ പദ്ധതിയുടെ മുഖ്യഗവേഷകനായ ഡോ. ടി.എം. നജ്മുദ്ദീൻ പഠനഫലങ്ങൾ അവതരിപ്പിച്ചു. മത്സ്യത്തൊഴിലാളികൾ, ട്രേഡ് യൂണിയൻ പ്രതിനിധികൾ, സമുദ്രഭക്ഷ്യോത്പ്പന്ന കയറ്റുമതി വിതരണക്കാർ, വൈൽഡ് ലൈഫ് ട്രസ്റ്റ് ഒഫ് ഇന്ത്യ പ്രതിനിധികൾ, ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരാണു സംബന്ധിച്ചത്.

എൽ- നിനോ പ്രതിഭാസത്തെ തുടർന്ന് കാലാവസ്ഥയിലുണ്ടായ മാറ്റമാണു കഴിഞ്ഞ വർഷങ്ങളിൽ മത്തി കുറയാനുണ്ടായ കാരണമെന്ന് ഡോ. ഇ.എം. അബ്ദുസമദ് പറഞ്ഞു. കാലാവസ്ഥ പ്രതികൂലമായതിനാൽ മത്തിയുടെ പ്രജനനത്തിൽ കുറവു വരികയും വളർച്ചയിൽ മുരടിപ്പു സംഭവിക്കുകയും ചെയ്തു. എന്നാൽ മത്തിയുടെ ലഭ്യതയിൽ കഴിഞ്ഞ വർഷം ഗണ്യമായ വർധനവ് ഉണ്ടായിട്ടുണ്ട്- 176 ശതമാനം.



ചെറുമീനുകളെ പിടിക്കുന്നതു തടയാൻ കേരളത്തിന്റെ മാതൃകയിൽ മറ്റു സംസ്ഥാനങ്ങളിലും നിയമം കൊണ്ടുവരണമെന്നു മത്സ്യത്തൊഴിലാളികൾ ആവശ്യപ്പെട്ടു. അടിത്തട്ട് മത്സ്യങ്ങളുടെ പാലായന സ്വഭാവം സിഎംഎഫ്ആർഐ പഠനവിധേയമാക്കണം. ലഭ്യത കുറഞ്ഞുവരുന്ന പരവ പോലുള്ള മത്സ്യങ്ങളെക്കുറിച്ചു പ്രത്യേകമായി പഠനം നടത്തണം. മത്സ്യബന്ധന യാനങ്ങൾ അളവു കുറയ്ക്കുന്നതിനുള്ള നടപടികൾക്കു സിഎംഎഫ്ആർഐ നേതൃത്വം നൽകണം- തൊഴിലാളി പ്രതിനിധികൾ ആവശ്യപ്പെട്ടു.

മീൻപിടിത്തത്തിൽ ഏർപ്പെടുത്തുന്ന നിയന്ത്രണങ്ങൾ ദേശീയതലത്തിൽ ഒരുപോലെ നടത്തിയാൽ മാത്രമേ ഫലപ്രദമാകൂവെന്നും അഭിപ്രായമുയർന്നു. ഡോ. ടി.വി. സത്യാനന്ദൻ, ഡോ. കെ. സുനിൽ മുഹമ്മദ്, ഡോ. പി.യു. സക്കറിയ, ഡോ. എൻ. അശ്വതി, എസ്. മഹേഷ്, ചാൾസ് ജോർജ്, ജോസഫ് സേവിയർ കളപ്പുരക്കൽ തുടങ്ങിയവർ സംസാരിച്ചു. ഡോ. ശ്യാം എസ്. സലീം മോഡറേറ്ററായിരുന്നു.